# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2294

## 12-02-2020 ൽ മറുപടിക്ക്

## കിഫ്ബിയിൽ സി. ആന്റ് എ.ജി. ആഡിറ്റ്

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ സി. ആന്റ് എ.ജി. ഇതിനകം ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യമെന്ന് വെളിപ്പെടുത്താമോ; | 2019 ൽ സി. ആന്റ് എ.ജി. 2 തവണ ഓഡിറ്റ് നടത്തുകയുണ്ടായി. ഇപ്പോൾ 2020 ൽ നടന്നുവരുന്ന ഓഡിറ്റിങ് ഉൾപ്പടെ 3 തവണ സി. ആന്റ് എ.ജി. ഓഡിറ്റിങ്ങിനായി വന്നിട്ടുണ്ട്. |
| (ബി) ഡി.പി.സി. ആക്ടിലെ ഏത് വകുപ്പ് പ്രകാരമാണ് സി. ആന്റ് എ.ജി. പ്രസ്തുത ആഡിറ്റ് നടത്തിയതെന്ന് അറിയിക്കാമോ; | ഡി.പി.സി. ആക്ടിലെ വകുപ്പ് 14.(1) പ്രകാരമാണ് നിലവിൽ സി. & എ.ജി ഓഡിറ്റ് നടന്നുവരുന്നത്. |
| (സി) കിഫ്ബിയിൽ സമഗ്രവും വിശദവുമായ തലത്തിൽ 20(2) വകുപ്പ് പ്രകാരം സി. ആന്റ് എ.ജി. ആഡിറ്റ് നടത്തുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ; | കിഫ്ബിയുടെ എല്ലാ വരവു ചെലവുകളും C&AG ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടു തവണ CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് നടന്നിട്ടുമുണ്ട്. പ്രസ്തുത ഓഡിറ്റ് സമയത്ത് ആവശ്യമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് ക്വറികൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് കിഫ്ബിയിൽ അനുവദിക്കണമെന്ന് സി&എജി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. CAG-DPC Act സെക്ഷൻ 20(2) ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി&എജി ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി&എജിയുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന |

| | |
|---|---|
| | കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിങ് ആണ് എന്നുള്ളത് സി&എജിയുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ടി ആക്റ്റിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. കിഫ്ബിയിൽ സെക്ഷൻ 14(1) പ്രകാരം സമഗ്രമായ ഓഡിറ്റ് നടന്നുവരുന്ന സാഹചര്യത്തിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിനു പ്രസക്തിയില്ല. |
| (ഡി) കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട്, പ്രവാസി ചിട്ടിയിൽ നിന്നും ലഭിക്കുന്ന തുക എന്നിവ സംബന്ധിച്ച് ആഡിറ്റ് നടത്തുവാൻ സി. ആന്റ് എ.ജി.ക്ക് സാധിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട്, പ്രവാസി ചിട്ടിയിൽ നിന്നും ലഭിക്കുന്ന തുക എന്നിവ സംബന്ധിച്ച് ഓഡിറ്റ് നടത്തുവാൻ സി &എ.ജി.ക്ക് സാധിക്കും. |

**സെക്ഷൻ ഓഫീസർ**